ശുദ്ധജലവിതരണത്തിനുള്ള ആൾട്ടർനേറ്റ് ടെക്നോളജി

*27 [207] ശ്രീ. എം. പി. ഗംഗാധരൻ:
„ എം. കെ. പോൾസൺ മാസ്റ്റർ:
„ എ. സുജനപാൽ:
„ ഡി. സുഗതൻ:
പ്രൊഫ. സാവിത്രി ലക്ഷ്മണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുദ്ധജലവിതരണത്തിനുള്ള എന്തെങ്കിലും ആൾട്ടർനേറ്റ് ടെക്നോളജി നടപ്പാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇത് എപ്പോൾ മുതൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത് എന്നത് സംബന്ധിച്ച വിശദാംശം നൽകുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) പ്രായോഗികമാണെന്നും പ്രയോജനപ്രദമെന്നും ഇതിനകം തെളിഞ്ഞു കഴിഞ്ഞ മഴവെള്ള സംഭരണപദ്ധതി വ്യാപകമാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) കേരള വാട്ടർ അതോറിറ്റി 'വർഷ' എന്ന പേരിൽ മഴവെള്ളക്കൊയ്ത്ത് പദ്ധതി നടപ്പാക്കിവരുന്നുണ്ട്. പതിനൊന്നാം ധനകാര്യകമ്മീഷൻ അവാർഡുപയോഗിച്ചു നടപ്പാക്കി വരുന്ന പദ്ധതികളിലും മഴവെള്ളക്കൊയ്ത്ത് പദ്ധതികൾ ഉൾപ്പെടുന്നുണ്ട്. കൂടാതെ കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസി വഴി നടപ്പാക്കി വരുന്ന ചെറിയ ഗ്രാമീണ കുടിവെള്ള പദ്ധതികളിലും മഴവെള്ള സംഭരണം ഒരു ഘടകമാണ്.

വരും വർഷത്തിൽ മഴവെള്ള സംഭരണ പദ്ധതികൾ കൂടുതൽ വ്യാപകമാക്കാൻ ഉദ്ദേശിക്കുന്നു.

പെനിൻസുലാർ മേഖലയിലെ നദികളിലെ ജലലഭ്യതയെപ്പറ്റി നടത്തിയ പഠനം

*28 [208] ശ്രീ. വർക്കല കഹാർ:
„ തേറമ്പിൽ രാമകൃഷ്ണൻ:
„ കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ വാട്ടർ ഡവലപ്പ്മെന്റ് ഏജൻസി ഇൻഡ്യയുടെ പെനിൻസുലാർ മേഖലയിലെ നദികളിലെ ജല ലഭ്യതയെപ്പറ്റി നടത്തിയ പഠനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പഠനത്തിൽ വൈപ്പാറിനും കന്യാകുമാരിക്കും ഇടയിലുള്ള മിച്ച വെള്ളത്തെപ്പറ്റി നടത്തിയിട്ടുള്ള 66-ാം നമ്പർ ടെക്നിക്കൽ സ്റ്റഡിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly